ത്താൻ സംസ്ഥാന സർക്കാരിന് നിർവ്വാഹമുള്ളൂ. അതിലേക്ക് വിശദമായ നടപടിക്രമങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. കാലവിളംബം കൂടാതെ ഈ നടപടിക്രമങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കോടതിയ ലക്ഷ്യം സംജാതമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഒരു താൽക്കാലിക നടപടിയെന്ന നിലയ്ക്ക് സർക്കാർ സർവ്വീസിലെ നിയമനങ്ങൾ മരവിപ്പിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ നിർദ്ദേശംമൂലം പി.എസ്.സി. അഡ്വൈസ് ലഭിച്ചവരും നിലവിൽ റാങ്ക് ലിസ്റ്റിൽ ഉള്ളവരുമായ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിന് നേരിടുന്ന തടസ്സം ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ചുവരികയാണ്.

(6) മലപ്പുറം മുനിസിപ്പൽ സെക്രട്ടറിയെ സ്ഥലം മാറ്റുന്നത് സംബന്ധിച്ച്മുനിസിപ്പൽ കൗൺസിൽ പാസ്സാക്കിയ പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. മുനീർ : സർ, സർക്കാരിന്റെ നിലപാട് കാരണം എന്റെ മണ്ഡലത്തിലെ മലപ്പുറം മുനിസിപ്പാലിറ്റിയുടെ ഭരണം കഴിഞ്ഞ രണ്ടു വർഷത്തോളമായി സ്തംഭിച്ചിരിക്കുകയാണ്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി മുനിസിപ്പൽ കൗൺസിൽ എടുക്കുന്ന തീരുമാനങ്ങൾ നിരന്തരമായി സർക്കാർ സ്റ്റേ ചെയ്യുന്നതിനാൽ വികസനം പോലും മുരടിച്ചിരിക്കുകയാണ്. വ്യവസ്ഥാപിതമായി കൗൺസിൽ എടുക്കുന്ന തീരുമാനങ്ങൾ റദ്ദാക്കുകവഴി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനത്തിൽ സർക്കാർ നിരന്തരമായി ഇടപെടുകയാണ്. ഏറ്റവും ഒടുവിൽ മുനിസിപ്പൽ ചട്ടമനുസരിച്ച് സെക്രട്ടറിയെ സ്ഥലം മാറ്റുന്നതിന് കൗൺസിൽ പാസ്സാക്കിയ പ്രമേയം നടപ്പിലാക്കുന്നതിന് സർക്കാർ വിഘാതം നിൽക്കുന്നു. കേരള മുനിസിപ്പൽ നിയമത്തിൽ ചട്ടം 48(6) പ്രകാരം ഇങ്ങനെ പറയുന്നു. 'സർക്കാരിന് ഒരു സെക്രട്ടറിയെ ഒരു മുനിസിപ്പാലിറ്റിയിൽ നിന്നും ഏത് സമയത്തും സ്ഥലം മാറ്റാവുന്നതും ഈ ആവശ്യത്തിലേക്ക് വേണ്ടി വിളിച്ചു കൂട്ടിയ കൗൺസിലിന്റെ ഒരു പ്രത്യേക യോഗത്തിൽ അനുവദിക്കപ്പെട്ട അംഗസംഖ്യയിൽ കേവല ഭൂരിപക്ഷ വോട്ടിന്റെ പിൻബലത്തോടുകൂടി കൗൺസിൽ പാസ്സാക്കുന്ന പ്രമേയംമൂലം സ്ഥലം മാറ്റുന്നതിന് ശുപാർശ ചെയ്യുകയാണെങ്കിൽ സർക്കാർ അങ്ങനെ ചെയ്യേണ്ടതുമാകുന്നു. മലപ്പുറം മുനിസിപ്പൽ കൗൺസിൽ 29-9-99 ന് സെക്രട്ടറിയെ സ്ഥലംമാറ്റുന്നതിന് ശുപാർശ ചെയ്യുന്ന പ്രമേയം അംഗീകരിച്ചു. 1-10-99-ന് ചെയർമാൻ തിരുവനന്തപുരത്ത് നേരിട്ട് വന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, മുനിസിപ്പൽ ഡയറക്ടർ വകുപ്പുസെക്രട്ടറി, എന്നിവരെ കണ്ട് പ്രമേയം പാസ്സാക്കിയ കാര്യം സൂചിപ്പിക്കുകയും കോപ്പി കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ മുനിസിപ്പൽ നിയമപ്രകാരം കൗൺസിൽ പ്രമേയം പാസ്സാക്കിയാൽ സെക്രട്ടറിയെ സ്ഥലം മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കേണ്ടതിനു പകരം അത് തടഞ്ഞുവച്ചിരിക്കുകയാണ്. കൗൺസിൽ എടുക്കുന്ന ഇതുപോലുള്ള തീരുമാനങ്ങൾ സർക്കാർ എന്തോ കാരണത്താൽ സ്റ്റേ ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നു. ഏകദേശം എട്ടോ, പത്തോ പദ്ധതികൾ ഇതുമൂലം സ്റ്റേ ചെയ്തിട്ടുണ്ട്. ഓലമാറ്റി ഓടാക്കുന്ന പദ്ധതി, വീട് വൈദ്യുതീകരിക്കുന്ന ഒരു പദ്ധതി, വീട് റിപ്പെയർ ചെയ്യുവാനുള്ള അനുവാദം സ്റ്റേ ചെയ്തിരിക്കുന്നു. കുന്നിനുമുകളിൽ പേജർ ടവർ സ്ഥാപിച്ചതിന് ടാക്സ് അടപ്പിക്കുന്നതിന് തുടങ്ങിയ നഗരസഭ നടപടികൾ സ്റ്റേ ചെയ്തിരിക്കുന്നു. വികലാംഗർക്ക് ബങ്ക് അനുവദിക്കുന്നത് സ്റ്റേ ചെയ്തിരിക്കുന്നു. ആശുപത്രി വളപ്പിൽ കക്കൂസ് നിർമ്മിക്കാൻ മുൻ ചെയർപേഴ്സന്റെ കാലത്ത് എടുത്ത

തീരുമാനം അവിടത്തെ ഡി.എം.ഒ. തുടങ്ങിയവരുടെ പരാതിമൂലം പൊളിച്ച് കളയാൻ ശ്രമിച്ചപ്പോൾ അത് സ്റ്റേ ചെയ്തിരിക്കുന്നു. ജനകീയാസൂത്രണത്തിൽപ്പെട്ട വനിതാവ്യവസായ പരിശീലന കേന്ദ്രത്തിന്റെ മിനി ആഡിറ്റോറിയത്തിൽ എഴുതുവാനുള്ള സൗകര്യങ്ങളോടുകൂടി 96 കസേര സ്ഥാപിക്കുന്നതിന് മതിയായ പത്രപ്പരസ്യം നൽകി ടെണ്ടർ ചെയ്ത നടപടി അടക്കം സ്റ്റേ ചെയ്തിരിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞുകൊണ്ടാണോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ ഒരു തരത്തിലും മുനിസിപ്പൽ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്തവണ്ണം ഇപ്പോൾ സെക്രട്ടറിയെ മാറ്റണമെന്ന് ഒരു കൗൺസിൽ കേവല ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സാക്കിയിട്ട് അതുപോലും നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

' തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 1994-ലെ മുനിസിപ്പൽ ആക്ട് 48-ാം വകുപ്പു പ്രകാരം മുനിസിപ്പൽ സെക്രട്ടറിയുടെ നിയമനാധികാരി സർക്കാരാണ്. പ്രസ്തുത വകുപ്പിൽ 6-ാം ഉപവകുപ്പുപ്രകാരം മുനിസിപ്പൽ സെക്രട്ടറിയെ മാറ്റുന്ന ആവശ്യത്തിലേക്കായി കേവല ഭൂരിപക്ഷ വോട്ടിന്റെ പിൻബലത്തോടുകൂടി കൗൺസിൽ പാസ്സാക്കുന്ന ഒരു പ്രമേയംമൂലം സ്ഥലംമാറ്റുന്നതിന് ശുപാർശചെയ്യുകയാണെങ്കിൽ സർക്കാർ അങ്ങനെ ചെയ്യേണ്ടതുണ്ട്. മലപ്പുറം മുനിസിപ്പൽ സെക്രട്ടറിയെ സ്ഥലം മാറ്റുന്നതിന് അത്തരത്തിലൊരു പ്രമേയം മുനിസിപ്പൽ കൗൺസിലിൽനിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്, എന്നാൽ മുനിസിപ്പൽ ആക്ടിലെ 48-ാം വകുപ്പിനുള്ള ഭേദഗതി പ്രകാരം കൗൺസിൽ അപ്രകാരം ഒരു പ്രമേയം പരിഗണിക്കുന്നതിനുമുൻപ് ഒരു നിവേദനം നൽകുന്നതിന് ആവശ്യപ്പെടുന്ന പക്ഷം കൗൺസിലിന്റെ ചെയർമാന്റെയോ ചെയർപേഴ്സന്റേയോ മുൻപാകെ പറയാനുള്ളത് പറയുന്നതിന് ഒരവസരം സെക്രട്ടറിക്ക് നൽകേണ്ടതാണ്. മലപ്പുറം മുനിസിപ്പൽ കൗൺസിൽ അപ്രകാരം അവസരം നൽകിയിട്ടുണ്ടോയെന്ന കാര്യം പ്രമേയത്തിൽ വ്യക്തമല്ല. മാത്രവുമല്ല മുനിസിപ്പാലിറ്റികളുടെ വാർഡ് പുനർവിഭജനം നടന്നുകൊണ്ടിരിക്കുന്നതിനാൽ മുനിസിപ്പൽ സെക്രട്ടറിമാരെ 20-1-2000 വരെ സ്ഥലം മാറ്റരുതെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ മലപ്പുറം മുനിസിപ്പൽ സെക്രട്ടറിയുടെ സ്ഥലംമാറ്റം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. മലപ്പുറം മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾ സ്റ്റേ ചെയ്തിട്ടുള്ള കാര്യവും ഇവിടെ പരാമർശിക്കപ്പെട്ടു. വ്യക്തമായ പരാതി കിട്ടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അതിനെ സംബന്ധിച്ചിടത്തോളം നടത്തിയിട്ടുള്ള അന്വേഷണത്തിൽ വ്യക്തമായ അഴിമതി നടന്നിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് ഇത്തരം പദ്ധതികൾ തടത്തുവച്ചിട്ടുള്ളത്. കൂടുതൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അന്വേഷണം നടന്നതിനുശേഷം വ്യക്തമായ നിലപാട് സ്വീകരിക്കുന്നതായിരിക്കും.

(7) വൃദ്ധജനങ്ങൾക്കുവേണ്ടി ഒരു സംസ്ഥാനനയം

ശ്രീ. ജി. സുധാകരൻ : സർ, വാർദ്ധക്യസ്ഥിതിയിൽ നിൽക്കുന്ന സീനിയർ പൗരൻമാർക്കുവേണ്ടി ഒരു സംസ്ഥാനനയം പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ക്ഷേമപ്രവർത്തനങ്ങളിലും പുരോഗമന നടപടികളിലും മാതൃക കാട്ടിയിട്ടുള്ള കേരളം തന്നെ വൃദ്ധജനങ്ങളുടെ ക്ഷേമ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly